**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **18-01-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | 04/12/2015ൽ ഭരണാനുമതി ലഭിച്ച കോട്ടയം കഞ്ഞിക്കുഴി ഫ്ലൈഓവർ പ്രവർത്തിയുടെ പൂർത്തീകരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് എന്ത് നടപടികൾ സ്വീകരിച്ചു; പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചോ; ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമോ; | (എ) | 04/12/2015 ലെ ജി.ഒ (ആർ.ടി) നം. 1804/2015/ പി.ഡബ്ല്യൂഡി പ്രകാരം 3071 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടയം കഞ്ഞിക്കുഴി ഫ്ളൈഓവർ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കെ.ആർ.എഫ്.ബി യുടെ ഫണ്ടിന്റെ അപര്യാപ്തത മൂലം മുടങ്ങി പോകുകയും തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം കരാർ അവസാനിപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി നിലവിൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ 2020- 21 – ലെ അംഗീകാരം ലഭിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ഉടൻ സമർപ്പിക്കുന്നതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാവുന്നതിന് മുൻപ് കോട്ടയം ജില്ലയിൽ എം.സി. റോഡിൽ കോടിമത രണ്ടാം പാലം പ്രവൃത്തിയുടെ പൂർത്തീകരണം സാധ്യമാണോ; പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി മുൻസിപ്പൽ പുറമ്പോക്കിൽ കഴിയുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; സ്ഥലം വിട്ടു കിട്ടാത്തതിനാൽ കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവാകുകയുണ്ടായോ? | (ബി) | കോട്ടയം ജില്ലയിൽ കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. ടി പദ്ധതിയുടെ അവസാനത്തെ സ്പാൻ നിർമ്മിക്കുന്നതിന് തടസ്സമായി പുറമ്പോക്കിൽ രണ്ടു കുടുംബങ്ങൾ താമസിച്ചിരുന്നു. അവരെ പുനരുധിവസിപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോട്ടയം മുനിസിപ്പൽ സെക്രട്ടറി, കോട്ടയം സോഷ്യൽ ജസ്റ്റിസ് ഓഫീസർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ) കോട്ടയം എന്നിവരെ ജില്ലാ വികസന സമിതി ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ ഒരു കുടുംബത്തെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. രണ്ടാമത്തെ കുടുംബത്തെ കൂടി മാറ്റിപ്പാർപ്പിച്ചാൽ മാത്രമേ പാലം പണി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ നാളിതുവരെയായും ഈ കുടുംബത്തെ മാറ്റി പാർപ്പിച്ചിട്ടില്ല. നിലവിൽ |

| | | | |
|---|---|---|---|
| | | | കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ